# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**1192 എം.ഇ വൃശ്ചികം 1 (2016 നവംബർ 16) വിശുദ്ധി ദിനമായി ആചരിക്കുന്നതും മകരവിളക്ക് ദീപോത്സവമായി ആചരിക്കുന്നതും സംബന്ധിച്ച്.**

---

നടപടി ഉത്തരവ് നമ്പർ ആർഒസി. 1061/12/ശബ    തിരുവനന്തപുരം, തീയതി:09/11/2016

---

## ഉത്തരവ്

1192 എം.ഇ-ലെ വൃശ്ചികം ഒന്ന് (2016 നവംബർ 16) വിശുദ്ധി ദിനമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രഖ്യാപിക്കുന്നു. അന്നേ ദിവസം ശബരിമല അടക്കമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ ക്ഷേത്രങ്ങളിലും ക്ഷേത്ര സമുച്ചയങ്ങളിലും പരിസരത്തും ശുചീകരണം നടത്തി വിശുദ്ധി ഉറപ്പുവരുത്തുന്നതിന് ചുവടെ വിവരിക്കുന്ന കാര്യങ്ങൾ പാലിക്കുന്നതിന് ബോർഡുത്തരവാകുന്നു.

1. തൻവർഷത്തെ ശബരിമല മണ്ഡല പൂജ മഹോത്സവത്തിന്റെ ആരംഭ ദിനമായ വൃശ്ചികം 1 മുതൽ (നവംബർ 16 മുതൽ) മണ്ഡലപൂജ (ഡിസംബർ 26) വരെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ ക്ഷേത്രങ്ങളിലും ആചാരടിസ്ഥാന വിധേയമായി പൂജയും പ്രാർത്ഥനയും നടത്തേണ്ടതാണ്.
2. ശബരിമല മകരവിളക്ക് മഹോത്സവ ദിനത്തിൽ (2017 ജനുവരി 14) ശബരിമല സന്നിധാനത്തും ദേവസ്വം ബോർഡിന്റെ മറ്റെല്ലാ ക്ഷേത്രങ്ങളിലും ദീപോത്സവമായി ആചരിക്കേണ്ടതാണ്.
3. തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാരും അതാത് അമ്പലങ്ങളിലെ ക്ഷേത്ര ഉപദേശക സമിതി അംഗങ്ങളും, ഭക്തരും സംയുക്തമായി ശുചീകരണ പ്രവർത്തനവും ദിപോത്സവവും നടത്തേണ്ടതാണ്.
4. വിശുദ്ധി ദിനം മണ്ഡലപൂജ, മകരവിളക്ക് എന്നീ അനുഷ്ഠാന ദിനങ്ങളുടെ സമുചിതമായ ആചരണത്തിന് ബന്ധപെട്ട ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ഓരോ ജില്ലയിലും മേൽനോട്ടം വഹിക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് സമയാസമയം അതാത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും, അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരും, ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ മുഖാന്തിരം ബോർഡിനെ രേഖാമൂലം എഴുതി അറിയിക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) എക്സ്ക്യൂട്ടീവ് ആഫീസർ, ശബരിമല
3) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5) സെക്ഷൻ ഫയൽ
6) ഫെയർ ഓഫീസ് കോപ്പി

EDP Section.

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി